## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 645 — 24/01/2018-ൽ മറുപടിക്ക്

**മാവേലിക്കര മണ്ഡലത്തിൽ പുതിയ കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസ്**

| | ചോദ്യം<br><br>ശ്രീ.ആർ. രാജേഷ് | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിലെ, മാവേലിക്കര നഗരസഭ, തഴക്കര പഞ്ചായത്തുകൾ ചേർന്ന് പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വേണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) & (സി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം ബോർഡ് പരിശോധിച്ചു വരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്. |
| (സി) | ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ